ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി

120 [5265] ശ്രീ. തന്നാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെയോ ലോകാരോഗ്യ സംഘടനയുടെയോ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ സമഗ്രവികസനത്തിനായി 'ഹെൽത്ത് സിസ്റ്റം പ്രോജക്ട്' കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(എച്ച്) ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നീ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി കൂടുതൽ ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മരുന്നുകളുടെയും മറ്റ് സാധന സാമഗ്രികളുടെയും കുറവ് പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ കോളേജാശുപത്രികളിൽ രോഗികളുടെ കൂടെ വരുന്നവർക്ക് ഡോർമിറ്ററി സൗകര്യം ഉണ്ടാക്കുന്നതിനും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുമുള്ള പേയിംഗ് കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി ഹെൽത്ത് സിസ്റ്റം പ്രോജക്ടും മെഡിക്കൽ കോളേജാശുപത്രികളുടെ വികസനത്തിനായുള്ള മറ്റൊരു പ്രോജക്ടും ലോകബാങ്ക് സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 810 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ജില്ലാ താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നീ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജുകളുടെയും അനുബന്ധ ആശുപത്രികളുടെയും വികസനത്തിനായി 128 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കി ലോക ബാങ്കിന് സമർപ്പിച്ചിട്ടുള്ളത്. ആയത് ലോകബാങ്കിന്റെ പരിഗണനയിലാണ്. ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാലേ വിശദവിവരങ്ങൾ ലഭ്യമാകൂ.

(ഇ — എച്ച്) ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച ഹെൽത്ത് സിസ്റ്റം പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ ആരോഗ്യ, ധനകാര്യ വകുപ്പുകളുടെ അംഗീകാരത്തിനുശേഷം ലോകബാങ്കിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരിക്കുകയാണ്.

ആശുപത്രികളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി

121 [5266] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ശാസ്ത്രീയമായി ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ ആതുരാലയങ്ങളുടെ പരിസരങ്ങൾ വിവിധതരം മാലിന്യങ്ങൾ കുമിഞ്ഞുകൂടി വൃത്തിഹീനമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം മലിനീകരണം പല പകർച്ചവ്യാധികൾക്കും ഇടയാകുമെന്നുള്ളതിനാൽ ഈ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്ക പ്രമുഖ ആശുപത്രികളിലും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly